"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - പ്ലാൻ ഫണ്ട് 2024-25 - "നഴ്സുമാരുടെ സേവനം ശക്തിപ്പെടുത്തൽ" എന്ന സ്കീം - തിരുവനന്തപുരം നഴ്സിംഗ് സ്കൂളിൽ ഓഡിയോ/വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കി ഓൺലൈൻ ട്രെയിനിംഗ് സംവിധാനം വിപുലപ്പെടുത്തൽ - ഇലക്ട്രോണിക്സ് വിഭാഗത്തിൽപ്പെട്ടതും മറ്റു ഘടകങ്ങൾക്കുമായി ഭരണാനുമതി നൽകിയും, പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ നിക്ഷേപിച്ചിട്ടുള്ള തുക വിനിയോഗിക്കുന്നതിനും അനുമതി നൽകി - ഉത്തരവാകുന്നു.

---

ആരോഗ്യ കുടുംബക്ഷേമ (പി) വകുപ്പ്

സ.ഉ.(സാധാ) നം.840/2025/H&FWD തീയതി,തിരുവനന്തപുരം, 21-03-2025

---

പരാമർശം:-
1. സ.ഉ.(സാധാ)നം.2335/2020/ആ.കു.വ. തീയതി 17.12.2020.
2. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12.01.2025 തീയതിയിലെ DHS/28730/2024-MC2 നമ്പർ കത്ത്.
3. തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസറുടെ 25.06.2024 തീയതിയിലെ സി1-1480/2024/ജി.മെ.ആ. നമ്പർ കത്ത്.

<u>ഉത്തരവ്</u>

പരാമർശം 1 പ്രകാരം, 2020-21-ലെ പ്ലാൻ ഫണ്ടിൽ നിന്നും 14 ജില്ലകളിലെ 14 സർക്കാർ നഴ്സിംഗ് സ്കൂളിനും 5,95,800/- രൂപ വീതം വിനിയോഗിച്ച് ഓൺലൈൻ ട്രെയിനിംഗ് സൗകര്യം വിപുലപ്പെടുത്തുന്നതിനായി 'നഴ്സുമാരുടെ സേവനം ശക്തിപ്പെടുത്തൽ' എന്ന സ്കീം പ്രകാരം '2210-01-001-90 (പ്ലാൻ)' എന്ന ശീർഷകത്തിനു കീഴിൽ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത തുകയിൽ 2,95,800/- രൂപ മാത്രമാണ് ഇലക്ട്രിക്കൽ ജോലികൾക്കായി അനുവദിച്ചിരുന്നതെന്നും എന്നാൽ പൊതുമരാമത്ത് അധികാരികൾ തയാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 3,45,650/- രൂപയാണ് തിരുവനന്തപുരം സർക്കാർ നഴ്സിംഗ് സ്കൂളിൽ നിന്നും പൊതുമരാമത്ത് വകുപ്പിന്റെ '8443-00-108-PW' എന്ന ശീർഷകത്തിൽ 25/03/2021-ന് സ്ഥാപനമേധാവി നിക്ഷേപിച്ചതെന്ന് പരാമർശം 2-ലെ കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് യാതൊരു പ്രവൃത്തികളും നടന്നിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ വ്യക്തമാക്കിയിരിക്കുന്നു. നിലവിൽ തിരുവനന്തപുരം സർക്കാർ നഴ്സിംഗ് സ്കൂളിൽ ട്രെയിനിംഗിന് ഓഡിയോ വീഡിയോ സംവിധാനം ഇല്ലാത്തതിനാൽ പ്രസ്തുത സംവിധാനം ഒരുക്കുന്നതിന് മേൽ തുക ഉപയോഗിക്കുന്നതിന് അനുമതിക്കായി തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) അപേക്ഷ സമർപ്പിച്ചിരിക്കുന്നതായും ആരോഗ്യ വകുപ്പ് ഡയറക്ടർ സൂചിപ്പിച്ചിരുന്നു. പ്രസ്തുത അപേക്ഷയും പൊതുമരാമത്ത് വകുപ്പിൽ നിന്ന് ലഭ്യമാക്കിയിട്ടുള്ള 3,45,650/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റും ഭരണാനുമതി ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം

സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ആകെ തുക 5,95,800/- രൂപയിൽ കവിയാൻ പാടില്ല (അസൽ ഭരണാനുമതി പ്രകാരമുള്ള സിവിൽ പ്രവൃത്തികൾ ഉൾപ്പെടെ) എന്ന നിബന്ധനയ്ക്ക് വിധേയമായി, **തിരുവനന്തപുരം നഴ്സിംഗ് സ്കൂളിൽ ഓഡിയോ/വീഡിയോ കോൺഫറൻസ് സംവിധാനം നടപ്പാക്കി ഓൺലൈൻ ട്രെയിനിംഗ് സംവിധാനം വിപുലപ്പെടുത്തുന്നതിന്** ഇലക്ട്രോണിക്സ് വിഭാഗത്തിൽപ്പെട്ട ഇനങ്ങൾക്ക് പുറമെ അവയുമായി ബന്ധപ്പെട്ട Supply, installation, Testing and Commissioning, Contractors Profit എന്നീ ഘടകങ്ങൾക്കെല്ലാം കൂടി ചേർത്ത് (18% ജി.എസ്.ടി. ഉൾപ്പെടെ) ആകെ **3,45,650/- രൂപയുടെ (മൂന്നു ലക്ഷത്തി നാല്പത്തി അയ്യായിരത്തി അറുന്നൂറ്റി അൻപതു രൂപ മാത്രം) ഭരണാനുമതി നൽകി** ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രസ്തുത ആവശ്യത്തിലേക്കായി പൊതുമരാമത്ത് വകുപ്പിന്റെ 8443-00-108-PW എന്ന ശീർഷകത്തിൽ 25/03/2021-ന് നിക്ഷേപിച്ചിട്ടുള്ള 3,45,650/- രൂപ വിനിയോഗിക്കുവാനും ഇതിനോടൊപ്പം അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സുഭാഷ് ആർ
അഡിഷണൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം
ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (ഇലക്ട്രോണിക്സ് വിഭാഗം), പബ്ലിക് ഓഫീസ് കോംപ്ലക്സ്, തിരുവനന്തപുരം
പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ (ഹെൽത്ത് -എ) വകുപ്പ് (നം.3066290/HLT-A1/35/2025-FIN തീയതി 20.03.2025 പ്രകാരം)
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി(P3/21/2025-HEALTH )

ഉത്തരവിൻ പ്രകാരം
Signed by
Gayathri G
Date: 21-03-2025 17:00:44
സെക്ഷൻ ഓഫീസർ

പകർപ്പ് : ആരോഗ്യ വകുപ്പ് മന്ത്രിയുടെ പി.എസ്.-ന്
ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.-യ്ക്ക്.